# അമേരിക്കൻ കഥകൾ

## മിനികഥകൾ നാല്പത്തിയൊന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി,.ദീഘ്കാലത്തെ ഇടവേളയ്ക്കു ശേഷമാണ് ഇപ്പോൾ കഥ പറയാൻ പോകുന്നത്. പ്രക്ഷുബ്ദമാനസയാണവർ. ഒരു കഥയുണ്ടാക്കി പറയാൻ അവക്ക്റിയില്ല. പച്ചയായ ജീവത യാഥാത്ഥ്യങ്ങളെ പിച്ചിചീന്തിയെടത്താണ് ഓരോ കഥയും പറയുന്നത്. അതിൽ ജീവന്റെ തുടിപ്പും സ്പന്ദനവും ഉണ്ട്. അത് മനസിലാക്കാൻ കഴിയാതെ പോകുന്നവരുടെ നിരുത്സാഹപ്പെടുത്തലുകൾ മൂലം വീണ്ടും കഥ പറയണോ എഴുതിപ്പിക്കണോയെന്ന പോലും സംശയത്തിലാണവർ. കഴിഞ്ഞ കഥയുടെ തുടച്ചയാണ് ഇപ്പോൾ പറയുന്നത്.

സോളമൻ തലേ രാത്രി ഒരു പോള കണ്ണടച്ചിരുന്നില്ല. ഉറങ്ങാൻ കഴിയാത്ത ഒരവസ്ഥയലായിരുന്നയാൾ. ഈ ജീവിതം ഇങ്ങിനെ മുൻപോട്ടു കൊണ്ടു പോകാൻ അയാൾക്കിഷ്ടമില്ലായിരുന്നു. പോകാതിരിക്കാനും വയ്യാത്തവിധം ഒരു ദുഘടാവസ്ഥയിൽ, കാവിൽ കയറി കാക്കിച്ച വിധം, തുപ്പാനും ഇറക്കാനും വയ്യാത്ത ഒരവസ്ഥയിലായിരുന്നു. സുമിയേ ഉപേക്ഷിച്ച് മടങ്ങി കേരളത്തിലേക്ക് പോകാൻ അയാൾ പല പ്രാവശ്യം ആലോചിച്ചതാണ്. കയ്യിലുണ്ടായിരുന്ന നല്ല ഒന്നാന്തരം അദ്ധ്യാപകവൃത്തി പരിപൂണ്ണം ഉപേക്ഷിച്ചു പോന്നതാണ്. അതെല്ലാം കളഞ്ഞിട്ടാണ് ഇവിടെ ഈ കൂലിവേലപണി ചെയ്യുന്നത്. ദുരഭിമാനം നോക്കിയിരുന്നാൽ ജീവിക്കാൻ പറ്റത്തില്ല.

ആദ്യമായി അയാൾ കമ്പനിയിലെ കൂലിവേല പണി ചെയ്തപ്പോൾ അയാൾ കരഞ്ഞില്ല; അറിയാതെ കണ്ണിൽ നിന്നും കണ്ണുനീർ ഊറന്ന് വീഴുകയായിരുന്നു. കൂടെ ജോലി ചെയ്യുന്ന എല്ലാവരും കൊച്ചേട്ടനു പോലും അറിയാം അയാൾ കേരളത്തിലെ ഹൈസ്ക്കൂളിലെ അദ്ധ്യാപകനായിരുന്നു എന്ന കാര്യം. എല്ലാ മലയാളികളും അയാളെ സാറേയെന്നമായിരുന്നു വിളിച്ചതും ബഹുമാനിച്ചതും. അവിടെ ജോലി ചെയ്യുന്ന വെളുമ്പന്മാരും കറമ്പന്മാരും കൂടാതെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വന്നവർ പോലും അയാളെ മാഷേ എന്നു വിളിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുണ്ട്; കൂടാതെ മാന്യമായ ഒരു തുക ശമ്പളമായി കിട്ടുന്നുണ്ട്; എപ്പോഴെങ്കിലും ഓവർടൈം ചെയ്താൽകൈനിറയെകൊണ്ടുപോകാം. അതിനേക്കാൾഎല്ലാ പ്രധാനം നല്ല ഒന്നാതരം മെഡിക്കൽ കവറേജും ഉണ്ട്.

അമേരിക്കയിൽ ജീവിക്കണമെങ്കിൽ നല്ല മെഡിക്കൽ കവറേജ്ഉണ്ടായിരിക്കണം. ഇല്ലങ്കിൽ ഡോക്ടറെ കാണാനും മരുന്നു വാങ്ങാനും ചികിത്സയ്ക്കും എല്ലാമായി നല്ല ഒരു തുക ചെലവാകും. ഈ കമ്പനിയിൽ ജോലി ചെയ്താൽ ഫുൾ കവറേജ് ഉണ്ട് ഡോക്ടറെ കാണാനോ, മരുന്നു വാങ്ങാനോ ചികിത്സയ്ക്കോ ഒന്നും കയ്യിൽ നിന്നും ഒരു ചെലവുമില്ല. ആ ഒരൊറ്റ കാരണം കൊണ്ടു തന്നെ നല്ല വിദ്യാഭ്യാസമുള്ള മലയാളികൾ ഉൾപ്പെടെ പലരും അവിടെ ജോലി ചെയ്യുന്നുണ്ട്. പാക്കിസ്ഥാനിലെ വക്കീലും, ഈജിപ്റ്റിലെ എൻജിനീയറന്മാരും എല്ലാം അവിടെ സന്തോഷത്തോടെ ജോലി ചെയ്യുന്നുണ്ട്.

സുമിയെ ഉപേക്ഷിക്കാൻ ഇപ്പോൾ പറ്റത്തില്ല. അമേരിക്കയിൽ വന്ന് രണ്ടു വഷമാകുന്നതിനു മുമ്പായി എന്തെങ്കിലും കുടുംബ പ്രശ്നം ഉണ്ടായാൽ അവരെ നാടു കടത്തുക മാത്രമല്ല പിന്നെ അമേരിക്കയെന്ന് കടലാസിൽ എഴുതി കാണാൻ പോലും സാധിക്കാത്തവിധം വലിയ പ്രശ്നമായി തീരും. മടങ്ങി കേരളത്തിലേക്കു പോയാൽ ഇത്രയും പ്രായമായതു കൊണ്ട് അദ്ധ്യാപക ജോലി കിട്ടുക പ്രയാസമായിരിക്കും. വീട്ടിൽ കഞ്ഞി കുടിക്കാൻ മാഗ്ഗവുമില്ല. സുമി എത്ര ദുഷ്ടയാണേലും ഇപ്പോൾ വീട്ടിലേക്ക് പണമയക്കുന്നതിനെ തടഞ്ഞിട്ടില്ല. അയാളുടെ പണം കൊണ്ടാണ് ആ വീട്ടിൽ ഇപ്പോൾ കഴിയുന്നതെന്നത് സത്യമാണ്. എന്നു കരുതി അയാളും മജ്ജയും മാംസവുമുള്ള പച്ചയായ ഒരു പുരുഷനാണ്; വല്ലപ്പോഴുമെങ്കിലും അയാളുടെ കാമം തീക്കാൻ സ്വന്തം ഭാര്യയെ കിട്ടത്തില്ലങ്കിൽ പിന്നെ ഈ അന്ന്യരാജ്യത്ത് എന്തു ചെയ്യും. പണം മുടക്കിയാൽ നല്ല ഒന്നാതരം മദാമ്മമാരെ കിട്ടും; പക്ഷേ, ഒരു നിമിഷനേരത്തെ സുഖത്തിനു പോയി ഇല്ലാത്ത അസുഖം പിടിച്ച് കിടപ്പിലായാൽ പിന്നെ ജീവിച്ചിരിക്കേണ്ടതില്ല. ഒരസുഖവും ഇല്ലാത്ത പെണ്ണാണെങ്കിലും, വ്യത്യസ്ഥമായ കാലാവസ്ഥയിൽ വളന്ന രണ്ടു പേർ തമ്മിൽ ഇണ ചേന്നാൽ അസുഖമുണ്ടാകുമെന്നാണ് ആരോഗ്യ ശാസ്ത്രം പറയുന്നത്. സ്വന്തമായി ഭാര്യയുള്ള ഒരാൾ കാമം തീക്കാനായി പരസ്ത്രീകളുടെ അടുക്കൽ പോകേണ്ട ഗതികേടു വന്നാൽ പിന്നെ എന്തു ചെയ്യും. സുമി പറയുന്നതും ശരിയാണ്: അവളും മജ്ജയും മാംസവുമുള്ള ഒരു മനുഷസ്ത്രീയാണ്; ഈ പുരുഷൻ വന്ന് അവന്റെ കാമവും തീത്തിട്ട് തിരിഞ്ഞു കിടന്നാൽ, അവളുടെ സങ്കടം ആരോടാണ് പറയുന്നത്. ഇത് അമേരിക്കയിലുള്ള മിക്കവാറും എല്ലാവരുടേയും, പ്രത്യേകിച്ച് മലയാളികളുടെ ഒരു ഗതികേടാണ്. ആരോടെങ്കിലും പറയാൻ പറ്റുമോ? പുരുഷൻ അവന്റെ കാമംതീക്കാനായി രാവെളുക്കുവോളം ഭാര്യയെ തൊട്ടും തലോടിയും, അവളുടെ ചീത്തവിളിയും, കാലുമടക്കി തൊഴിയും സഹിച്ച് നേരം വെളുപ്പിച്ച ശേഷം, അതിരാവിലെ വണ്ടി ഓടിച്ച് ജോലിക്കു പോയി, പ്രത്യേകിച്ച് കൂലി വേലപണി ചെയ്യുമ്പോൾ ഓക്കും ഇതൊന്നും വേണ്ടായിരുന്നെന്ന്.

വിവാഹത്തിനു മുൻപ്, ഇപ്പോൾ സ്വഗ്ഗസുഖം കിട്ടുമെന്ന് കരുതി രതിയിൽ ഏപ്പെട്ടു കഴിയുമ്പോൾ കരഞ്ഞു പോകും. ഇതാണോ എല്ലാരും ചൊല്ലണ രതിയെന്ന സ്വഗ്ഗ സുഖം? പല പെണ്ണുങ്ങളും പറയുന്നത് ഇതറിഞ്ഞിരുന്നെങ്കിൽ ഒരിക്കലും ഈ വൃത്തികെട്ട വിവാഹ ജീവിതത്തിന് ഒരുമ്പെടുകയില്ലായിരുന്നു. രതി സുഖം അനുഭവിക്കാൻ വേണ്ടിയാണോ വിവാഹം ചെയ്യുന്നതെന്നു ചോദിച്ചാൽ അതും അതിലെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇവിടെ പറ്റുന്ന കുഴപ്പം ലൈഗിക വിദ്യാഭ്യാസമില്ലാത്തവർ വിവാഹ ജീവിതത്തിൽ കടന്നാൽ ഉണ്ടാകുന്ന പ്രധാന അപാകതയാണ്. വിവാഹ ജീവിതത്തിനു മുമ്പായി രണ്ടു പേക്കും അത്യാവശ്യത്തിനുള്ള ലൈഗിക വിദ്യാഭ്യാസം നൽകേണ്ടതാണ്. ലൈഗിക ജീവിതത്തിൽ ഇണകൾ പരസ്പരം പൂണ്ണമായി രമിപ്പിക്കാൻ ബാദ്ധ്യസ്ഥരാണെന്ന ബോദ്ധ്യപ്പെടുത്തി അവരെ ബോധവൽക്കരിണ്ടേതുണ്ട്. സെക്സ് ചെയ്യാൻ പഠിപ്പിക്കണോ എന്നു ചോദിക്കുന്ന വിഢികളുടെ പറുദീശയിലാണ് ഇന്ന് നമ്മൾ ജീവിക്കുന്നത്.

ഇങ്ങിനെയുള്ള അറിവില്ലായ്മ മൂലം രാവെളുക്കുവോളം കരഞ്ഞു ഉറങ്ങാതെ കിടന്നിട്ടവൻ ജോലിക്കു പോയതാണ് ഇത്രത്തോളമായത്. ആ കാറപകടത്തിൽ സോളമൻ കുറച്ചു ദിവസം വിശ്രമിക്കാൻ നിബന്ധിതനായി, വക്കീലു കാരണം. ദൈവകൃപകൊണ്ട് അയാൾക്ക് ഒന്നും സംഭവിച്ചില്ല. പക്ഷേ, സംഭവിച്ചൂ എന്നവിധം കുറച്ചു ദിവസം അഭിനയിക്കേണ്ടി വന്നു. അയാളുടെ പുത്തൻ കാർ തകന്ന് തരിപ്പണമായി. നല്ല ഇൻഷറൻസുണ്ടായിരുന്നതുകൊണ്ട്, പോയതിലും നല്ല പുത്തൻ കാറ് വാങ്ങാൻ സാധിച്ചു.

അയാൾക്കു കിട്ടിയ ഇടവേളയിൽ അവർ രണ്ടു പേരും മാത്രമായിരുന്ന് ഒരു തുറന്ന ചച്ച നടത്തി. രണ്ടു പേരുടേയും പ്രശ്നങ്ങൾ പരസ്പരം തുറന്നു സംസാരിച്ചു. അതിനുള്ള പോംവഴികളും കണ്ടു പിടിച്ചു. അവർ രണ്ടു പേർ മാത്രമുള്ള ആ വീട്ടിൽ ആദ്യമായി ഒരു ബ്ലൂ സിനിമാ കണ്ട്, അതിൽ കാണിക്കുന്ന വിധം, അവർ രണ്ടു പേരും പ്രവത്തിച്ച് ജീവിതവിജയം കണ്ടു